## നഷ്ടസ്വപ്നം

കുട്ടിക്കുപ്പായമിട്ടോടുന്ന ബാല്യമെ,
കണ്ടോട്ടെ ഒരുവട്ടം കൂടി നിന്നെ;
കണ്ണെഴുതി വാലിട്ട നിന്റെ മിഴികളിൽ,
അരുണാഭമാർന്നൊരരുണിമ.

തേനൂറും ചുണ്ടിലെ മായാത്ത പുഞ്ചിരി,
പൂത്തിരിയായ് കത്തുന്നെൻ നിനവിൽ;
മഞ്ജീര ശിഞ്ചിലമുണർത്തിയ പാദങ്ങൾ-
സ്മരണയിൽ നർത്തനമാടിടുന്നു.

പിച്ചകപ്പൂക്കളിറുത്ത കൈക്കുമ്പിളിൽ,
ചിറകറ്റ ചിത്രശലഭങ്ങൾ;
അന്തിച്ചുവപ്പെഴും നിന്റെ കവിളിലൊ,
മുത്തശ്ശിയമ്മേടെ ഒരു നൂറു മുത്തം.

വേനലിൽ കായ്ക്കുന്നു തേന്മാവും, നെല്ലിയും
നൽകീ മധുരവും, കൈയ്പ്പും നാവിൽ,
മണ്ണപ്പം ചുട്ടൊരാ കണ്ണൻ ചിരട്ടയിൽ,
കാലം നിറച്ചുവൊ ഭാവഗീതങ്ങൾ.

പുതുമഴപെയ്തു തിമിർത്തപ്പോളന്ന്,
പുഷ്പവൃഷ്ടിയായ് എന്നിൽ ശകാരങ്ങൾ;
തോർത്താനായ് പിന്നാലെ ഓടുന്നൊരു പെണ്ണും
മനസ്സിന്റെ ചെപ്പിലെ മാണിക്യങ്ങൾ.

എന്തിനും, ഏതിനും, പൊട്ടിച്ചിരിക്കുന്ന,
കിലുക്കാം പെട്ടി ഈ ചെല്ലക്കുട്ടി;
ദുഃഖങ്ങളില്ലാത്ത, വ്യാമോഹമില്ലാത്ത,
സ്വർഗ്ഗീയമായൊരാ മാത്രകളേ.



പാതിപിന്നിട്ടൊരീ ജീവിതയാത്രയിൽ,
കേൾക്കുന്നു ഞാനാ പദനിസ്വനം;
കാണാൻ കൊതിക്കുന്നു ഓമലേയാമുഖം,
കാപട്യമില്ലാത്ത നൈർമ്മല്യമേ.

എന്നിൽ നിന്നോടി അകന്നൊരു ബാല്യമെ,
ഒരിക്കൽ കൂടി ഒന്നാശ്ലേഷിച്ചോട്ടേ;
പിടിവിട്ടു പോകാതെൻ കുസൃതിക്കുരുന്നേ,
പിന്നാലെ ഓടാൻ വയ്യെനിക്കിന്ന്.